## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6829 10.07.2014-ൽ മറുപടിക്ക്**

### മഴവെള്ള സംഭരണികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | പുതുതായി നിർമ്മിക്കുന്ന വീടുകളിലും കെട്ടിടങ്ങളിലും മഴവെള്ള സംഭരണികൾ നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ, ബി & സി | പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 101 ലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 109 എ യിലും ചേർത്തിട്ടുണ്ട്. ഓലമേഞ്ഞ കെട്ടിടങ്ങൾക്കും ഏക കുടുംബ വാസഗൃഹ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ മൊത്തം തറവിസ്തീർണ്ണം 150 Sq.mts. വരെയും അവയുടെ കെട്ടിട ഭൂമിയുടെ മൊത്ത വിസ്തീർണ്ണം 320 Sq.mts. വരെയുമാകുന്നവയ്ക്കും മഴവെള്ള സംഭരണ സംവിധാനങ്ങൾ നിർബന്ധമല്ല. |
| ബി | ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കുമോ; | | |
| സി | എത്ര വിസ്തീർണ്ണം വരെ ഉള്ള കെട്ടിടങ്ങൾക്കും വീടുകൾക്കുമാണ് മഴവെള്ള സംഭരണികൾ നിർബന്ധമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ; | | |
| ഡി | പഴയ കെട്ടിടങ്ങൾക്കു കൂടി ധനസഹായം നൽകി മഴവെള്ള സംഭരണികൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ? | ഡി | കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി യിലെ മഴകേന്ദ്രം മുഖാന്തിരം നടപ്പിലാക്കുന്ന മഴവെള്ള സംഭരണം ഭൂജല പരിപോഷണം എന്ന പദ്ധതി അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമ പഞ്ചായ |

ത്തുകളിലെ അർഹരായ കുടുംബ
ങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം
സംഭരിക്കാവുന്ന സംഭരണി കൾ
സബ്സിഡി നിരക്കിൽ നിർമ്മിച്ചു
നൽകുന്നു. ഈ പദ്ധതിയിൽ
നിലവിലുള്ള വീടുകളാണ് ഉൾ
പ്പെടുന്നത്

സെക്ഷൻ ഓഫീസർ